**പതിനാലാം കേരള നിയമസഭ**

# യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി (2019-2021)

**അഞ്ചാമത് റിപ്പോർട്ട്**

(2019 നവംബർ 14-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**(വിവിധ വകുപ്പുകളിലെ വിവിധ തസ്തികകളിലേയ്ക്കുള്ള പി.എസ്.സി. മുഖേനയുള്ള നിയമനങ്ങളിൽ വിദ്യാഭ്യാസ യോഗ്യതയിൽ വന്ന മാറ്റങ്ങൾ ഉൾക്കൊണ്ട് സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനുള്ള കാലതാമസം സംബന്ധിച്ചും ആയതുകാരണം യുവജനങ്ങൾക്ക് നിയമനം ലഭിക്കാൻ കഴിയാത്തതും സംബന്ധിച്ച്)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2019.

പതിനാലാം കേരള നിയമസഭ

# യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി (2019-2021)

## അഞ്ചാമത് റിപ്പോർട്ട്

(2019 നവംബർ 14-ാം തീയതി സഭയിൽ സമർപ്പിച്ചത്)

(വിവിധ വകുപ്പുകളിലെ വിവിധ തസ്തികകളിലേയ്ക്കുള്ള പി.എസ്.സി. മുഖേനയുള്ള നിയമനങ്ങളിൽ വിദ്യാഭ്യാസ യോഗ്യതയിൽ വന്ന മാറ്റങ്ങൾ ഉൾക്കൊണ്ട് സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനുള്ള കാലതാമസം സംബന്ധിച്ചും ആയതുകാരണം യുവജനങ്ങൾക്ക് നിയമനം ലഭിക്കാൻ കഴിയാത്തതും സംബന്ധിച്ച്)

1314/2019.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I | .. | 7 |
| അനുബന്ധം II | .. | 20 |
| അനുബന്ധം III | .. | 25 |

# സമിതിയുടെ ഘടന

<u>അദ്ധ്യക്ഷൻ</u>:

ശ്രീ. റ്റി. വി. രാജേഷ്, എം.എൽ.എ.

<u>അംഗങ്ങൾ</u>:

ശ്രീ. അനൂപ് ജേക്കബ്, എം.എൽ.എ.

ശ്രീ. എൽദോ എബ്രഹാം, എം.എൽ.എ.

ശ്രീ. കെ. രാജൻ, എം.എൽ.എ.

ശ്രീ. ആർ. രാജേഷ്, എം.എൽ.എ.

ശ്രീ. കെ. എസ്. ശബരീനാഥൻ, എം.എൽ.എ.

ശ്രീ. ഐ. ബി. സതീഷ്, എം.എൽ.എ.

ശ്രീ. എം. സ്വരാജ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. മാത്യുക്കുട്ടി ജി., ജോയിന്റ് സെക്രട്ടറി

ശ്രീ. പി. എസ്. സെൽവരാജൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി എ. വി. ജോസഫൈൻ, അണ്ടർ സെക്രട്ടറി.

# ആമുഖം

കേരള നിയമസഭയുടെ യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി (2019-2021)-യുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർ നിരവധിയുള്ള സംസ്ഥാനമാണ് കേരളം. ഇന്ത്യൻ ഭരണഘടനയിലെ 315 മുതൽ 323 വരെയുള്ള ആർട്ടിക്കിൾ പ്രകാരം 1956 നവംബർ 1-ാം തീയതി സംസ്ഥാന രൂപീകരണത്തോടെ രൂപീകൃതമായ ഏറ്റവുംവലിയ നിയമന ഏജൻസിയാണ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ. പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമനം നടത്തുന്നത് അതത് വകുപ്പുകളുടെ സ്പെഷ്യൽ റൂളിൽ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായാണ്. കാലാനുസൃതമായി വിദ്യാഭ്യാസ യോഗ്യതയിലെ മാറ്റങ്ങൾക്കനുസരിച്ചുള്ള ഉന്നതവിദ്യാഭ്യാസം കരസ്ഥമാക്കുന്ന ഉദ്യോഗാർത്ഥികൾക്ക് വിദ്യാഭ്യാസ യോഗ്യതയിൽ ഉണ്ടാകുന്ന മാറ്റങ്ങൾക്കനുസൃതമായി വിവിധ തസ്തിക കളിലേയ്ക്ക് അതത് വകുപ്പുകൾ യഥാസമയം സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യാത്തതിനാൽ പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ ലഭിക്കുന്നില്ലെന്ന് സമിതി മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിലെ വിവിധ തസ്തികകളിലേയ്ക്കുള്ള പി.എസ്.സി. മുഖേനയുള്ള നിയമനങ്ങളിൽ വിദ്യാഭ്യാസ യോഗ്യതയിൽ വന്ന മാറ്റങ്ങൾ ഉൾക്കൊണ്ട് സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനുള്ള കാലതാമസം സംബന്ധിച്ചും ആയതുകാരണം യുവജനങ്ങൾക്ക് നിയമനം ലഭിക്കാൻ കഴിയാത്തതും സംബന്ധിച്ചും സമിതി പഠനം നടത്തുകയുണ്ടായി. 12-9-2018, 29-8-2019, 26-9-2019 എന്നീ തീയതികളിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാരം, വ്യവസായം, കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ വകുപ്പു കളുമായും പി.എസ്.സി.യുമായും നടത്തിയ തെളിവെടുപ്പുകളുടെ അടിസ്ഥാനത്തിൽ ഉടലെടുത്ത നിഗമനങ്ങളും ശിപാർശകളും, ഉൾപ്പെടുത്തിക്കൊണ്ട് തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

12-11-2019-ലെ യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ററി. വി. രാജേഷ്,
*അദ്ധ്യക്ഷൻ,*
*യുവജനക്ഷേമവും യുവജനകാര്യവും*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2019 നവംബർ 14.

# റിപ്പോർട്ട്

അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർ നിരവധിയുള്ള സംസ്ഥാനമാണ് കേരളം. വിവിധ കാലങ്ങളിലായി കമ്പനി/കോർപ്പറേഷൻ/ബോർഡ്, സർവ്വകലാശാലകൾ എന്നിവിടങ്ങളിലെ നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്തുന്നതായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത നിയമനങ്ങൾ യഥാവിധി നടക്കുന്നില്ല എന്ന വസ്തുത സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. കൂടാതെ സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളുടെ കീഴിലുള്ള കോളേജുകളിൽനിന്നും പുതിയതായി ആരംഭിച്ചിട്ടുള്ള വിവിധ കോഴ്സുകൾ പഠിച്ച് വിജയിച്ച ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. മുഖേന നിയമനം ലഭിക്കുന്നില്ല എന്ന് സമിതിക്ക് ലഭിച്ച വിവിധ പരാതികളിൽ നിന്ന് ബോധ്യപ്പെടുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സമിതി പഠനം നടത്തുകയും വിവിധ വിഷയങ്ങളിൽ കാലാനുസൃതമായി കോഴ്സുകളിലെ മാറ്റങ്ങളനുസരിച്ചുള്ള വിദ്യാഭ്യാസ യോഗ്യതയിൽ ഉണ്ടാകുന്ന മാറ്റങ്ങൾക്കനുസൃതമായി ബന്ധപ്പെട്ട വകുപ്പുകൾ യഥാസമയം സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യാത്തതിനാലാണ് ആയിരക്കണക്കിന് ഉന്നതവിദ്യാഭ്യാസം കരസ്ഥമാക്കുന്ന ഉദ്യോഗാർത്ഥികളുടെ ജോലി സാധ്യത ഇല്ലാതായിക്കൊണ്ടിരിക്കുന്നത് എന്നും ആയത് യുവജനങ്ങളുടെ തൊഴിൽ സ്വപ്നങ്ങൾക്ക് വിഘാതമാകുന്നുവെന്നും മനസ്സിലാക്കുന്നു. വിദ്യാഭ്യാസ രംഗത്തും ഇലക്ട്രോണിക്സ് രംഗത്തും കാലാനുസൃതമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ സിവിൽ സർവ്വീസിന് ഉപകാരപ്രദമാക്കേണ്ടതാണെന്ന് സമിതിക്ക് ബോധ്യപ്പെടുകയുണ്ടായി.

2. അതത് വകുപ്പുകളുടെ സ്പെഷ്യൽ റൂളിൽ അനുശാസിക്കുന്ന നിബന്ധനകൾക്കനുസരിച്ചുമാത്രമേ പി.എസ്.സി.-ക്ക് നിയമനം നടത്തുവാൻ കഴിയുകയുള്ളൂ. ഓരോ വകുപ്പിലും ഓരോ തസ്തികയിലും നിലവിലുള്ള പ്രത്യേക ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള യോഗ്യതയുടെ അടിസ്ഥാനത്തിലാണ് നിയമനം നടത്തുന്നത്. 7-1-1998-ലെ സ.ഉ. (കൈ) നമ്പർ 5/98/ഉ.ഭ.പ.വ. പ്രകാരം അതത് വകുപ്പുകളാണ് സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തേണ്ടത്. വിവിധ വകുപ്പുകളിൽ സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തുന്നതിൽ വളരെയധികം കാലതാമസം നേരിടുന്നതിനാൽ പല തസ്തികകളിലും നിയമനം നടക്കുന്നില്ലെന്നും അതാത് വകുപ്പുകൾ വിദ്യാഭ്യാസ യോഗ്യതകളിൽ വരുന്ന മാറ്റങ്ങൾക്കനുസൃതമായി സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യാത്തതിനാൽ ഉന്നത വിദ്യാഭ്യാസ യോഗ്യത നേടിയ യുവജനങ്ങൾക്ക് സമാനമായ തസ്തികകളിലേക്ക് അപേക്ഷിക്കാൻ സാധിക്കുന്നില്ലെന്ന് സമിതിക്ക് ലഭിച്ച പരാതികളിൽ നിന്ന് ബോധ്യപ്പെടുകയുണ്ടായി. ഇതു സംബന്ധിച്ച് സമിതി നടത്തിയ പഠനത്തിന്റെയും ഉദ്യോഗസ്ഥഭരണപരിഷ്കാരം, പി.എസ്.സി., കൃഷി, വ്യവസായം, മൃഗസംരക്ഷണം എന്നീ വകുപ്പുകളുമായി 12-9-2018, 29-8-2019, 26-9-2019 എന്നീ തീയതികളിൽ നടത്തിയ തെളിവെടുപ്പുകളുടെയും അടിസ്ഥാനത്തിൽ സമിതി താഴെപ്പറയുന്ന നിഗമനങ്ങൾ/ശിപാർശകളിൽ എത്തിച്ചേരുകയുണ്ടായി.

3. സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നതായിട്ടാണ് പല വകുപ്പുകളും അറിയിച്ചിട്ടുള്ളതെന്ന് തെളിവെടുപ്പ് യോഗത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് സമിതിയെ ധരിപ്പിച്ചു. നിലവിലെ കോഴ്സുകൾക്ക് സമാനമായ നിരവധി കോഴ്സുകൾ യൂണിവേഴ്സിറ്റികൾ നടത്തുന്നുണ്ടെങ്കിലും അത്തരം കോഴ്സുകൾ ഒന്നുംതന്നെ പി.എസ്.സി. നിയമനത്തിനായി നിഷ്കർഷിക്കുന്ന യോഗ്യതയിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നും പി.എസ്.സി. നിയമനങ്ങളിൽ വിദ്യാഭ്യാസ യോഗ്യതയിൽ വന്ന മാറ്റങ്ങൾക്കനുസൃതമായി സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങളിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കി നിശ്ചിത കാലയളവിൽ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്തെങ്കിൽ മാത്രമേ അത് ഉദ്യോഗാർത്ഥികൾക്ക് പ്രയോജനപ്രദമാകുന്നുള്ളൂവെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ <u>വിവിധ വകുപ്പുകളിലെ വിവിധ തസ്തികകളിലേയ്ക്ക് പി.എസ്.സി. മുഖേന നടത്തുന്ന നിയമനങ്ങളിൽ വിദ്യാഭ്യാസ യോഗ്യതകളിൽ വന്ന മാറ്റങ്ങൾക്കനുസൃതമായി സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനുള്ള സമയം പരമാവധി മൂന്ന് മാസമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

4. സ്പെഷ്യൽ റൂൾ യഥാസമയം ഭേദഗതി ചെയ്യുന്നതിനുള്ള നടപടിക്രമങ്ങളിൽ വളരെയധികം കാലതാമസമുണ്ടാകുന്നതായും വിദ്യാഭ്യാസ യോഗ്യതകളിൽ വന്ന മാറ്റങ്ങൾ ഉൾക്കൊണ്ട് പി.എസ്.സി. മുഖേനയുള്ള നിയമനങ്ങളിൽ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്തിട്ടില്ലായെന്നും ബോധ്യപ്പെട്ടതിനെ തുടർന്ന് സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കണമെന്നും, ആയതിന് ഇടയാക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നും നിർദ്ദേശിച്ചുകൊണ്ട് 7-10-2017, 8-8-2018, 20-8-2019 എന്നീ തീയതികളിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതായി സമിതിക്ക് ബോധ്യപ്പെട്ടു. 29-8-2019-ലെ തെളിവെടുപ്പ് യോഗത്തിൽ ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പരിശോധിച്ചതിൽ നിലവിൽ 24 വകുപ്പുകളിൻ കീഴിലായി 52-ഓളം സ്ഥാപനങ്ങളിൽ സ്പെഷ്യൽ റൂൾ നടപ്പിലാക്കേണ്ടതായുണ്ടെന്നും ആഭ്യന്തരം, വ്യവസായം എന്നീ വകുപ്പുകളിൽ സ്പെഷ്യൽ റൂൾ രൂപീകരിക്കാത്തതോ/ ഭേദഗതിവരുത്താത്തതോ ആയ നിരവധി തസ്തികകളുള്ളതായും സമിതി മനസ്സിലാക്കുന്നു. 29-8-2019, 26-9-2019 എന്നീ തീയതികളിലെ തെളിവെടുപ്പ് യോഗത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് ലഭ്യമാക്കിയിട്ടുള്ള റിപ്പോർട്ട് പ്രകാരം 24 വകുപ്പുകളിലും വകുപ്പുകളുടെ കീഴിലുള്ള സ്ഥാപനങ്ങളിലും വിശേഷാൽ ചട്ടം നിലവിലില്ലാത്തതുമൂലം ഒഴിഞ്ഞുകിടക്കുന്ന തസ്തികകളുടെ വിശദാംശം അനുബന്ധം I ആയും പ്രസ്തുത 24 വകുപ്പുകളും കൂടാതെ 5 വകുപ്പുകളും ചേർത്ത് ആകെ 29 വകുപ്പുകളിലെ വിവിധ തസ്തികകളിൽ സ്പെഷ്യൽ റൂൾ രൂപീകരിക്കാത്തതോ/ഭേദഗതി വരുത്താത്തതോ ആയിട്ടുള്ള വകുപ്പുകളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച പട്ടിക അനുബന്ധം II ആയും ചേർക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ <u>സ്പെഷ്യൽ റൂൾ രൂപീകരിക്കാത്തതോ/ഭേദഗതി വരുത്താത്തതോ ആയ</u>

വകുപ്പുകളും വകുപ്പുകളിൻകീഴിലുള്ള സ്ഥാപനങ്ങളും അടിയന്തരമായി സ്പെഷ്യൽ റൂൾ രൂപീകരിക്കേണ്ടതും/ഭേദഗതി വരുത്തേണ്ടതാണെന്നും കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശനമായ അച്ചടക്ക നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

5. മെഡിക്കൽ, ഡെന്റൽ, നഴ്സിംഗ്, ആയുർവ്വേദ കോളേജുകളിൽ ഫാക്കൽറ്റികളുടെ അഭാവംമൂലം കോളേജുകളുടെ അംഗീകാരം നഷ്ടപ്പെടുന്നുണ്ടെന്നും ആയുർവ്വേദ, ഹോമിയോ മെഡിക്കൽ കോളേജുകളിൽ ഇത്തരത്തിലുള്ള പ്രശ്നങ്ങൾ അനുഭവപ്പെടുന്നതായും പ്രൊഫസർ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിനായി അക്കാഡമിക് യോഗ്യത യോടൊപ്പം നിർദ്ദിഷ്ട സർവ്വീസ് യോഗ്യത നേടിയ ഉദ്യോഗസ്ഥർ ഇല്ലാത്ത അവസ്ഥയാണു ള്ളതെന്നും സമിതി മനസ്സിലാക്കുന്നു. സംസ്ഥാനത്തെ വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിൽ ഫാക്കൽറ്റിയുടെ അഭാവംമൂലം കോളേജുകളുടെ അംഗീകാരം നഷ്ടപ്പെടുന്ന തായ സാഹചര്യം ഒഴിവാക്കേണ്ടതാണെന്നും ആയതിനായി സമയബന്ധിതമായി സ്പെഷ്യൽ റൂളിൽ ആവശ്യമായ ഭേദഗതി വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

6. പല കോഴ്സുകളും സ്പെഷ്യൽ റൂളിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും സ്വാശ്രയ കോളേജുകളിൽ ഉൾപ്പെടെ ആരംഭിക്കുന്ന സമാനമായ പുതിയ കോഴ്സുകൾ പഠിച്ച വിദ്യാർത്ഥികൾക്ക് പി.എസ്.സി. മുഖേനയുള്ള വിവിധ തസ്തികകളിൽ അപേക്ഷിക്കുവാൻ സാധിക്കാത്ത സാഹചര്യമുള്ളതായും സ്പെഷ്യൽ റൂൾ സമയബന്ധിതമായി ഭേദഗതി ചെയ്യാത്തതുകാരണം നിരവധി യുവജനങ്ങളുടെ തൊഴിൽ സാധ്യതയാണ് നഷ്ടപ്പെടുന്ന തെന്നും സമിതി മനസ്സിലാക്കുന്നു. കഴിഞ്ഞ 15 വർഷങ്ങൾ കൊണ്ടാണ് ഈ മാറ്റങ്ങൾ ഉണ്ടായിട്ടുള്ളതെന്നും 30-35 വയസ്സുള്ളവരാണ് ഇതിന്റെ ബുദ്ധിമുട്ട് അനുഭവിക്കുന്നതെന്നും ടി ഉദ്യോഗാർത്ഥികൾക്ക് പരീക്ഷ എഴുതാൻ സാധിക്കാത്ത അവസ്ഥയാണുള്ളതെന്നും സമിതി വിലയിരുത്തുന്നു. ഒരു വിദ്യാഭ്യാസ യോഗ്യത മറ്റൊന്നിന് തുല്യമോ ഉയർന്നതോ എന്നും കോഴ്സുകളുടെ നിലവാരം, ഘടന, ഒരു കോഴ്സ് ബന്ധപ്പെട്ട തസ്തികകളിലെ ചുമതല വഹിക്കുന്നതിന് ഗുണകരമാകുമോ എന്നും വിലയിരുത്തുന്നതിന് മറ്റ് വകുപ്പുകളുമായും, വിദ്യാഭ്യാസ വകുപ്പ്, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, യൂണിവേഴ്സിറ്റികൾ, ഈ രംഗത്തെ വിദഗ്ദ്ധർ എന്നിവരുടെയും അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ പൊതുമാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

7. ബന്ധപ്പെട്ട വകുപ്പുകൾ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനായി യൂണിവേഴ്സിറ്റി കൾക്ക് അംഗീകാരം നൽകുമ്പോൾത്തന്നെ പ്രസ്തുത കോഴ്സുകൾ വിദ്യാഭ്യാസ യോഗ്യതയായി അംഗീകരിക്കേണ്ട തസ്തികകൾ ഏതൊക്കെയാണെന്നത് സംബന്ധിച്ച റിപ്പോർട്ട് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന് നൽകേണ്ടതാണെന്നും, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്, ബന്ധപ്പെട്ട വകുപ്പുകൾ ആയത് യഥാസമയം സ്പെഷ്യൽ റൂളിൽ

ഉൾപ്പെടുത്തി ഭേദഗതി വരുത്തുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു. വിദ്യാഭ്യാസ യോഗ്യതകളിൽ വന്ന മാറ്റങ്ങൾക്കനുസൃതമായി സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്താത്തതുകാരണം ഉന്നതവിദ്യാഭ്യാസം, മത്സ്യബന്ധനം, കൃഷി, മൃഗസംരക്ഷണം, ആരോഗ്യകുടുംബക്ഷേമം എന്നീ വകുപ്പുകളിൻ കീഴിലുള്ള വിവിധ സർവ്വകലാശാലകളിൽ പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾക്ക് നാളിതുവരെ അംഗീകാരം നൽകിയിട്ടില്ലാത്ത കോഴ്സുകളുടെ വിവരം ബന്ധപ്പെട്ട വകുപ്പുകളോട് ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെട്ടിരുന്നുവെങ്കിലും അനുബന്ധം-III-ൽ ചേർത്തിരിക്കുന്ന വിശദാംശങ്ങൾ മാത്രമേ ബന്ധപ്പെട്ട വകുപ്പുകൾ ലഭ്യമാക്കിയിട്ടുള്ളൂ. മേൽവിഷയം സംബന്ധിച്ച വ്യക്തമായ റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ വകുപ്പുകൾ സ്വീകരിച്ച ഉദാസീനത നിലപാടിനോട് സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. വിവിധ വകുപ്പുകളിൻ കീഴിലുള്ള സർവ്വകലാശാലകൾ നടത്തുന്ന വിവിധ കോഴ്സുകൾ പി.എസ്.സി. അംഗീകരിച്ചിട്ടില്ലാത്തതിനാൽ ആയിരക്കണക്കിന് വിദ്യാർത്ഥികളുടെ /ഉദ്യോഗാർത്ഥികളുടെ ഭാവി ആശങ്കയിലാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പുതിയ കോഴ്സുകൾക്ക് ബന്ധപ്പെട്ട വകുപ്പുകൾ അംഗീകാരം നൽകിക്കഴിഞ്ഞാൽ കോഴ്സിന്റെ ആദ്യ ബാച്ച് പഠനം പൂർത്തീകരിക്കുന്നതിന് മുമ്പായി ടി കോഴ്സുകൾ ബന്ധപ്പെട്ട തസ്തികകൾക്ക് വിദ്യാഭ്യാസ യോഗ്യതയായി ഉൾപ്പെടുത്തിക്കൊണ്ട് വകുപ്പുകൾ സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

8. നിലവിൽ സർക്കാർ ഓഫീസുകളെല്ലാം കമ്പ്യൂട്ടർവൽക്കരിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സാങ്കേതിക പരിജ്ഞാനം കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് പ്രയോജനകരമായിരിക്കുമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ക്ലാർക്ക് / അസിസ്റ്റന്റ് തുടങ്ങിയ സമാന തസ്തികകൾക്ക് കമ്പ്യൂട്ടർ പരിജ്ഞാനം കൂടി യോഗ്യതയായി ഉൾപ്പെടുത്തി സ്പെഷ്യൽ റൂളിൽ ആവശ്യമായ ഭേദഗതി വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

9. ബിരുദാനന്തര ബിരുദം വിദ്യാഭ്യാസ യോഗ്യതയായി നിഷ്കർഷിച്ചിട്ടുള്ള പി.എസ്.സി. മുഖേനയുള്ള നിയമനത്തിന് വാർഷിക സമ്പ്രദായത്തിലും സെമസ്റ്റർ സമ്പ്രദായത്തിലും പഠിച്ച ഉദ്യോഗാർത്ഥികൾക്ക് മാർക്കിൽ ഗണ്യമായ അന്തരം ഉണ്ടാകുന്നതായും വാർഷിക സമ്പ്രദായത്തിൽ പഠിച്ച ഉദ്യോഗാർത്ഥികൾ റാങ്ക് പട്ടികയിൽ പിന്തള്ളപ്പെട്ടുപോകുന്നതായും സമിതിക്ക് ലഭിച്ച വിവിധ ഹർജികളിൽ നിന്നും സമിതി മനസ്സിലാക്കുന്നു. 2005-ൽ എഞ്ചിനീയറിംഗ് കോളേജുകളിൽ സെമസ്റ്റർ സമ്പ്രദായം ആരംഭിച്ചുവെങ്കിലും വർഷങ്ങൾ പിന്നിട്ടിട്ടും നാളിതുവരെ ഇതുസംബന്ധിച്ച് മാർക്കിൽ വരുന്ന അന്തരം പരിഹരിക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. വാർഷിക, സെമസ്റ്റർ സമ്പ്രദായത്തിൽ പഠിച്ച ഉദ്യോഗാർത്ഥികളുടെ മാർക്കിലെ അന്തരം പരിഹരിക്കുന്നതിന് അടിയന്തര നടപടി പി.എസ്.സി. സ്വീകരിച്ചില്ലെങ്കിൽ

നിയമനങ്ങൾക്ക് പ്രായപരിധിയോടടുക്കുന്ന നിരവധി ഉദ്യോഗാർത്ഥികൾക്ക് നീതി നിഷേധിക്കപ്പെടുമെന്ന് സമിതി ആശങ്കപ്പെടുന്നു. ആയതിനാൽ ബിരുദാനന്തര ബിരുദം വിദ്യാഭ്യാസ യോഗ്യതയായി നിഷ്കർഷിച്ചിട്ടുള്ള പി.എസ്.സി. മുഖേനയുള്ള നിയമനത്തിന് വാർഷിക സമ്പ്രദായത്തിലും സെമസ്റ്റർ സമ്പ്രദായത്തിലും പഠിച്ച ഉദ്യോഗാർത്ഥികൾക്ക് മാർക്കിലുണ്ടാകുന്ന അന്തരം പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

10. സ്പെഷ്യൽ റൂൾ കാലാനുസൃതമായി ഭേദഗതി വരുത്താത്തതിനാൽ വിവിധ വകുപ്പുകളിൽ നിരവധി തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതായും പൊതുമേഖലാ സ്ഥാപനങ്ങളിലും മറ്റ് സ്ഥാപനങ്ങളിലും സ്പെഷ്യൽ റൂൾ രൂപീകരിച്ചിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. വിവിധ പൊതുമേഖലാസ്ഥാപനങ്ങളിലെ, നിയമനങ്ങളിൽ നിലവിലുള്ള ചട്ടപ്രകാരം കുറഞ്ഞ അടിസ്ഥാന ശമ്പളമുള്ള തസ്തികകൾ മാത്രമേ പി.എസ്.സി.യുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളുവെന്നും അത്തരം തസ്തികകളൊന്നുംതന്നെ പ്രസ്തുത സ്ഥാപനങ്ങളിൽ സൃഷ്ടിച്ചിട്ടില്ലായെന്നും സമിതി നടത്തിയ തെളിവെടുപ്പ് യോഗങ്ങളിൽ നിന്നും സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. ഇത്തരത്തിൽ നിരവധി പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്പെഷ്യൽ റൂൾ രൂപീകരിക്കാത്തതോ/ഭേദഗതി വരുത്താത്തതോ കാരണം നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്തുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ സ്പെഷ്യൽ റൂൾ രൂപീകരിക്കാത്തതോ ഭേദഗതി വരുത്താത്തതോ ആയ വകുപ്പുകളിലും വകുപ്പുകളുടെകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലും മറ്റ് സ്ഥാപനങ്ങളിലും അതത് വകുപ്പുകളുടെ/സ്ഥാപനങ്ങളുടെ കീഴിൽ ഒരു നോഡൽ ഓഫീസറെ ചുമതലപ്പെടുത്തി സ്പെഷ്യൽ റൂൾ സമയബന്ധിതമായി രൂപീകരിക്കുന്നതിനോ ഭേദഗതിവരുത്തുന്നതിനോ ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്നും നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

11. 26-9-2019 തീയതിയിൽ സമിതി വിവിധ വകുപ്പുദ്യോഗസ്ഥരുമായി നടത്തിയ തെളിവെടുപ്പ് യോഗത്തിൽ സ്പെഷ്യൽ റൂൾ യഥാസമയം ഭേദഗതി ചെയ്യുന്നുണ്ടോയെന്ന് നിരീക്ഷിക്കുന്നതിനായി നിലവിൽ സംവിധാനങ്ങളൊന്നുമില്ലെന്ന് മനസ്സിലാക്കിയ സമിതി ആയതിനായി ഒരു സംവിധാനം അനിവാര്യമാണെന്ന് അഭിപ്രായപ്പെടുകയും അതിന്റെ അടിസ്ഥാനത്തിൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട വകുപ്പുമേധാവികൾ, സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള നോഡൽ ഓഫീസർമാർ എന്നിവരുൾപ്പെടുന്ന ഒരു സമിതി രൂപീകരിക്കേണ്ടതാണെന്നും അതത് വകുപ്പുകൾ നിശ്ചിതകാലയളവിൽ സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തുന്നുണ്ടോ എന്ന് യഥാകാലങ്ങളിൽ പ്രസ്തുത സമിതി നിരീക്ഷിച്ച് ഉറപ്പുവരുത്തേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

12. ഐ.ടി. സെക്ടറുകളിൽ ഉണ്ടായിട്ടുള്ള മാന്ദ്യത്തിന്റെ ഭാഗമായി ബി.ബി.എ., എം.ബി.എ., ടെക്സ്റ്റൈൽ എഞ്ചിനീയറിംഗ് തുടങ്ങിയ പ്രൊഫഷണൽ ബിരുദ, ബിരുദാനന്തര ബിരുദ യോഗ്യതയുള്ള യുവജനങ്ങൾ പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾക്കാണ് ഇപ്പോൾ പ്രാമുഖ്യം നൽകുന്നത്. ആയതിനാൽ സിവിൽ സർവ്വീസിന് പ്രയോജനപ്പെടുന്ന തരത്തിൽ വകുപ്പുകളിലും വകുപ്പുകളുടെകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലും പ്രൊഫഷണൽ യോഗ്യതയ്ക്ക് അനുയോജ്യമായ തസ്തികകൾ കണ്ടെത്താനും ആയതിനെ അടിസ്ഥാനമാക്കി ആവശ്യമെങ്കിൽ പ്രൊഫഷണൽ യോഗ്യത കൂടി ഉൾപ്പെടുത്തി ബന്ധപ്പെട്ട സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

13. വകുപ്പുകളിൽ എൻട്രി കേഡർ നിയമനം പി.എസ്.സി. മുഖേനയും നിലവിലുള്ള ജീവനക്കാരുടെ നിർദ്ദിഷ്ട യോഗ്യതയുടെ അടിസ്ഥാനത്തിലും ആനുപാതികമായി തസ്തികമാറ്റം മുഖേനയും നടത്താറുണ്ട്. തസ്തികമാറ്റം മുഖേന നടത്തുന്ന നിയമനങ്ങൾക്ക് പ്രവർത്തിപരിചയത്തോടൊപ്പം തന്നെ ടി തസ്തികയിലേയ്ക്ക് നേരിട്ടുള്ള നിയമനത്തിന് പി.എസ്.സി. നിഷ്കർഷിച്ചിട്ടുള്ള വിദ്യാഭ്യാസ യോഗ്യതയും ബാധകമാക്കണമെന്നും സമിതി അഭിപ്രായപ്പെടുന്നു. വിവിധ സർക്കാർ വകുപ്പുകളും വകുപ്പുകളിൻകീഴിലുള്ള സ്ഥാപനങ്ങളിലും പി.എസ്.സി. നിയമനത്തിന് നിഷ്കർഷിച്ചിരിക്കുന്ന വിദ്യാഭ്യാസ യോഗ്യത ടി തസ്തികകളിലേയ്ക്കുള്ള തസ്തികമാറ്റം മുഖേനയുള്ള നിയമനങ്ങൾക്കും ബാധകമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

14. സമിതിക്ക് ലഭിക്കുന്ന ഹർജികൾ അധികവും പി.എസ്.സി. മുഖേനയുള്ള നിയമനവുമായി ബന്ധപ്പെട്ടവയാണ്. ഐ.ടി. മേഖലയിൽ ഉണ്ടായിട്ടുള്ള മാന്ദ്യത്തിന്റെ ഭാഗമായി സ്ഥിരതയുള്ള ജോലിക്കായി പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾക്കാണ് യുവജനങ്ങൾ പ്രാമുഖ്യം നൽകുന്നത്. വിവിധ വകുപ്പുകളിലെ വിവിധ തസ്തികകളിലെ പി.എസ്.സി. മുഖേന നടത്തുന്ന നിയമനങ്ങൾക്ക് അപേക്ഷിക്കുവാനും നിയമനം ലഭിക്കുവാനും സ്പെഷ്യൽ റൂൾ യഥാസമയം ഭേദഗതി ചെയ്യുന്നതിലൂടെ യുവജനങ്ങളുടെ പ്രതീക്ഷകൾക്ക് ഊർജ്ജം പകരാൻ സാധ്യമാകുമെന്ന് സമിതി പ്രത്യാശിക്കുന്നു.

റ്റി. വി. രാജേഷ്,
*അദ്ധ്യക്ഷൻ,*
*യുവജനക്ഷേമവും യുവജനകാര്യവും*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2019 നവംബർ 14.

# അനുബന്ധം I

| ക്രമ നമ്പർ | വകുപ്പ് | Special Rules-ൽ ഭേദഗതി വരുത്തിയിട്ടുള്ള സ്ഥാപനങ്ങൾ | Special Rules രൂപീകരിക്കാത്ത/ഭേദഗതി വരുത്താത്ത വകുപ്പുകൾ/ സ്ഥാപനങ്ങൾ | Special Rules ഭേദഗതി ചെയ്യാത്തത് കാരണം PSC-യ്ക്ക് റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകളുടെ എണ്ണം | | റിമാർക്സ് |
|---|---|---|---|---|---|---|
| | | | | തസ്തിക | എണ്ണം | |
| 1 | കൃഷി വകുപ്പ് | | Kerala Feeds Ltd. | Assistant Gr. II | 23 | വിശേഷാൽ ചട്ട രൂപീകരണം നടന്നുവരുന്നു |
| | | | | Cook-cum-care taker Gr. II | 1 | |
| | | | | Driver Gr. II | 3 | |
| | | | | Analyst Gr. II (Lab Assistant) | 9 | |
| | | | | Stenographer/CA Gr. II | 4 | |
| | | | Kerala State Poultry Development Corporation | | | വിശേഷാൽ ചട്ട രൂപീകരണം നടന്നുവരുന്നു |
| | | മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യ | | | | |
| 2 | ക്ഷീര വികസന വകുപ്പ് | | മിൽമ | വർക്കർ | 159 | |
| | | | | ഡെപ്യൂട്ടി എൻജിനീയർ (സിവിൽ) | 2 | |
| | | | | ഡെപ്യൂട്ടി എൻജിനീയർ (മെക്കാനിക്കൽ) | 3 | |
| | | | | ഡെപ്യൂട്ടി എൻജിനീയർ (ഇലക്ട്രിക്കൽ) | 2 | |

| ക്രമ നമ്പർ | വകുപ്പ് | Special Rules-ൽ ഭേദഗതി വരുത്തിയിട്ടുള്ള സ്ഥാപനങ്ങൾ | Special Rules രൂപീകരിക്കാത്ത/ഭേദഗതി വരുത്താത്ത വകുപ്പുകൾ/ സ്ഥാപനങ്ങൾ | Special Rules ഭേദഗതി ചെയ്യാത്തത് കാരണം PSC-യ്ക്ക് റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകളുടെ എണ്ണം | | റിമാർക്സ് |
|---|---|---|---|---|---|---|
| | | | | തസ്തിക | എണ്ണം | |
| 3 | പിന്നാക്ക വിഭാഗ വികസന വകുപ്പ് | കേരള സംസ്ഥാന പിന്നാക്ക വിഭാഗ വകുപ്പ്<br>കേരള സംസ്ഥാന പിന്നാക്ക വികസന കോർപ്പറേഷൻ | കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശിപാർശിത വികസന കോർപ്പറേഷൻ | Nil | | |
| 4 | സഹകരണ വകുപ്പ് | | വനിതാഫെഡ്, ടൂർഫെഡ്, ഹോസ്പിറ്റൽ ഫെഡ് | | | സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നല്കിയിട്ടുണ്ട് |
| 5 | സാംസ്കാരിക വകുപ്പ് | | കേരള സംസ്ഥാന സർവ്വ വിജ്ഞാന കോശ ഇൻസ്റ്റിറ്റ്യൂട്ട് | പ്രൊഡക്ഷൻ ഓഫീസർ | 1 | നടപടികൾ പുരോഗമിക്കുന്നു |
| | | | | ലൈബ്രേറിയൻ | 1 | |
| | | | | എഡിറ്റോറിയൽ അസിസ്റ്റന്റ് | 12 | |
| | | | | ആർട്ടിസ്റ്റ്-കം-ഫോട്ടോഗ്രാഫർ | 2 | |
| | | | | ഡി.റ്റി.പി. ഓപ്പറേറ്റർ | 12 | |
| | | | | കോപ്പി ഹോൾഡർ | 1 | |
| | | | | പ്രൂഫ് റീഡർ | 1 | |
| | | | | ഡെവലപ്മെന്റ് ഓഫീസർ | 1 | |
| | | | | ലോവർ ഡിവിഷൻ ക്ലർക്ക് | 9 | |
| | | | | ഡ്രൈവർ | 2 | |
| | | | | ലാസ്റ്റ് ഗ്രേഡ് സർവ്വന്റ് | 12 | |
| | | | | നൈറ്റ് വാച്ചർ | 1 | |

| ക്രമ നമ്പർ | വകുപ്പ് | Special Rules-ൽ ഭേദഗതി വരുത്തിയിട്ടുള്ള സ്ഥാപനങ്ങൾ | Special Rules രൂപീകരിക്കാത്ത/ഭേദഗതി വരുത്താത്ത വകുപ്പുകൾ/ സ്ഥാപനങ്ങൾ | Special Rules ഭേദഗതി ചെയ്യാത്തത് കാരണം PSC-യ്ക്ക് റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകളുടെ എണ്ണം | | റിമാർക്സ് |
|---|---|---|---|---|---|---|
| | | | | തസ്തിക | എണ്ണം | |
| | | | | സ്വീപ്പർ - സ്കാവഞ്ചർ | 1 | |
| | | | കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് | എഡിറ്റോറിയൽ അസിസ്റ്റന്റ് | 6 | നടപടികൾ പുരോഗമിക്കുന്നു |
| | | | | പ്രൊഡക്ഷൻ ഓഫീസർ | 1 | |
| | | | | പബ്ലിക് റിലേഷൻസ് ഓഫീസർ | 1 | |
| | | | | പ്രൂഫ് റീഡർ | 1 | |
| | | | | കോപ്പിയിസ്റ്റ് | 4 | |
| | | | | ലൈബ്രേറിയൻ-കം-ഡോക്യുമെന്റേഷൻ ഓഫീസർ | 1 | |
| | | | | പ്യൂൺ | 4 | |
| | | | | ഡി.റ്റി.പി. ഓപ്പറേറ്റർ | 3 | |
| | | | | റിക്കാർഡ് കീപ്പർ-കം-ഡെസ്പാച്ച് ക്ലർക്ക് | 1 | |
| | | | | ഡ്രൈവർ | 2 | |
| | | | | ക്ലറിക്കൽ അസിസ്റ്റന്റ് | 1 | |
| | | | | സ്വീപ്പർ | 1 | |
| | | | മ്യൂസിയം മൃഗശാലാ വകുപ്പ് | ബയോളജിസ്റ്റ് | 1 | |
| | | | കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് | | | സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യുന്നതിനുള്ള നടപടി പുരോഗമിക്കുന്നു |
| 6 | പരിസ്ഥിതി വകുപ്പ് | | കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 1 | |
| | | | | ഹെൽപ്പർ | 1 | |
| | | | | സി.എ. | 1 | |
| | | | | പ്രിൻസിപ്പൽ സയന്റിഫിക് ഓഫീസർ | 2 | |

| ക്രമ നമ്പർ | വകുപ്പ് | Special Rules-ൽ ഭേദഗതി വരുത്തിയിട്ടുള്ള സ്ഥാപനങ്ങൾ | Special Rules രൂപീകരിക്കാത്ത/ഭേദഗതി വരുത്താത്ത വകുപ്പുകൾ/ സ്ഥാപനങ്ങൾ | Special Rules ഭേദഗതി ചെയ്യാത്തത് കാരണം PSC-യ്ക്ക് റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകളുടെ എണ്ണം | | റിമാർക്സ് |
|---|---|---|---|---|---|---|
| | | | | തസ്തിക | എണ്ണം | |
| | | | | സയന്റിഫിക് ഓഫീസർ | 1 | |
| | | | | അസിസ്റ്റന്റ്-കം- കാഷ്യർ | 1 | |
| | | | | ടെക്നിക്കൽ അസിസ്റ്റന്റ് | 1 | |
| | | | പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ് | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 1 | |
| 7 | മത്സ്യബന്ധനവും ഉറമുഖവും വകുപ്പ് | | ഫിഷറീസ് വകുപ്പ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 53 | ഭേദഗതി നടപടി തുടരുന്നു |
| | | | അഡാക് | | | സ്പെഷ്യൽ റൂൾസ് ഭേദഗതി നടപടി സ്വീകരിച്ചുവരുന്നു |
| | | | മത്സ്യ ബോർഡ് | | | ചട്ട ഭേദഗതിക്ക് ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു |

| ക്രമ നമ്പർ | വകുപ്പ് | Special Rules-ൽ ഭേദഗതി വരുത്തിയിട്ടുള്ള സ്ഥാപനങ്ങൾ | Special Rules രൂപീകരിക്കാത്ത/ഭേദഗതി വരുത്താത്ത വകുപ്പുകൾ/ സ്ഥാപനങ്ങൾ | Special Rules ഭേദഗതി ചെയ്യാത്തത് കാരണം PSC-യ്ക്ക് റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകളുടെ എണ്ണം | | റിമാർക്സ് |
|---|---|---|---|---|---|---|
| | | | | തസ്തിക | എണ്ണം | |
| | | | മത്സ്യഫെഡ് | | | ഭേദഗതി നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു |
| | | | ഫിർമ | | | നിയമനങ്ങൾ പി.എസ്.സി-യ്ക്ക് വിട്ടിട്ടില്ല |
| 8 | പൊതു വിദ്യാഭ്യാസ വകുപ്പ് | | District Institute of Education & Training (DIET) | ലക്ചറർ | 86 | |
| 9 | ആരോഗ്യ കുടുംബക്ഷേമ വകുപ്പ് | | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് | തസ്തികകൾ ഒഴിഞ്ഞുകിടപ്പില്ല | - | വിശേഷാൽ ചട്ടം രൂപീകരിക്കുന്ന നടപടി തുടർന്നുവരുന്നു |
| | | | മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ | ഒഴിവുകൾ ഇല്ല | | സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതിനുള്ള നടപടി തുടർന്നുവരുന്നു |
| 10 | ഭവന നിർമ്മാണ വകുപ്പ് | | ഹൗസിംഗ് കമ്മീഷണറേറ്റ് | അസിസ്റ്റന്റ് എഞ്ചിനീയർ | 2 | വിശേഷാൽ ചട്ടം രൂപീകരിക്കുന്ന നടപടി തുടരുന്നു |
| | | | | എൽ.ഡി. ടൈപ്പിസ്റ്റ് | 1 | |
| 11 | വ്യവസായ വകുപ്പ് | | സീതാറാം ടെക്സ്റ്റൈൽസ് | സൂപ്പർവൈസർ (സ്പിന്നിംഗ്) | 3 | സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതി |
| | | | | സൂപ്പർവൈസർ (ഇലക്ട്രിക്കൽ) | 1 | |

| ക്രമ നമ്പർ | വകുപ്പ് | Special Rules-ൽ ഭേദഗതി വരുത്തിയിട്ടുള്ള സ്ഥാപനങ്ങൾ | Special Rules രൂപീകരിക്കാത്ത/ഭേദഗതി വരുത്താത്ത വകുപ്പുകൾ/ സ്ഥാപനങ്ങൾ | Special Rules ഭേദഗതി ചെയ്യാത്തത് കാരണം PSC-യ്ക്ക് റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകളുടെ എണ്ണം | | റിമാർക്സ് |
|---|---|---|---|---|---|---|
| | | | | തസ്തിക | എണ്ണം | |
| | | | | ഓഫീസ് അറ്റൻഡന്റ് | 6 | നിയമ നടപടികൾ തുടരുന്നു |
| | | | ടെക്സ്റ്റൈഡ് | ജനറൽ മാനേജർ (സ്പിന്നിംഗ്) | 1 | സ്പെഷ്യൽ റൂൾസ് രൂപീകരണവു മായി ബന്ധപ്പെട്ട നടപടികൾ തുടരുന്നു |
| | | | | ജനറൽ മാനേജർ (വീവിംഗ്) | 1 | |
| | | | | സീനിയർ മാനേജർ (പ്രോസസിംഗ്) | 1 | |
| | | | | ഡെപ്യൂട്ടി മാനേജർ (Admn. & Fin) | 1 | |
| | | | | അസിസ്റ്റന്റ് എൻജിനിയർ (ഇലക്ട്രിക്കൽ) | 1 | |
| | | | | ടൈപ്പിസ്റ്റ് (സ്റ്റെനോ) | 2 | |
| | | | | സീനിയർ അസിസ്റ്റന്റ് | 1 | |
| | | | | ഓഫീസ് അറ്റൻഡന്റ് | 2 | |
| | | | | ഡ്രൈവർ | 2 | |
| | | | കേരളാ ആട്ടോമൊബൈൽസ് ലിമിറ്റഡ് | ഓഫീസ് അസിസ്റ്റന്റ് | 11 | |
| | | | | സ്റ്റെനോ ടൈപ്പിസ്റ്റ് | 3 | |
| | | | | ടൈപ്പിസ്റ്റ് | 5 | |
| | | | | റിസപ്ഷനിസ്റ്റ് | 1 | |
| | | | | ഡ്രൈവർ | 9 | |
| | | | വ്യവസായ വാണിജ്യ വകുപ്പ് | ജൂനിയർ സയന്റിഫിക് ഓഫീസർ (കെമിക്കൽ ടെസ്റ്റിംഗ്) | 1 | സ്പെഷ്യൽ റൂൾസ് രൂപീകരണവു മായി ബന്ധപ്പെട്ട നടപടികൾ തുടരുന്നു |
| | | | | മെഷീൻ ഓപ്പറേറ്റർ ഗ്രേഡ് II | 1 | |

| ക്രമ നമ്പർ | വകുപ്പ് | Special Rules-ൽ ഭേദഗതി വരുത്തിയിട്ടുള്ള സ്ഥാപനങ്ങൾ | Special Rules രൂപീകരിക്കാത്ത/ഭേദഗതി വരുത്താത്ത വകുപ്പുകൾ/ സ്ഥാപനങ്ങൾ | Special Rules ഭേദഗതി ചെയ്യാത്തത് കാരണം PSC-യ്ക്ക് റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകളുടെ എണ്ണം | | റിമാർക്സ് |
|---|---|---|---|---|---|---|
| | | | | തസ്തിക | എണ്ണം | |
| | | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിലെ നിയമനങ്ങൾക്കായി പി.എസ്.സി. അംഗീകരിച്ച സ്പെഷ്യൽ റൂൾസ് 2004-ൽ ഭേദഗതി വരുത്തിയിട്ടുണ്ട്.<br><br>കെൽട്രോണിലെ ഡ്രൈവർ തസ്തികയുടെ യോഗ്യത ഏകീകരിക്കുന്നതിന് ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്. | | | | |
| 12 | തൊഴിലും നൈപുണ്യവും വകുപ്പ് | | ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് | ഇൻഡസ്ട്രിയൽ ഹൈജീനിസ്റ്റ് | 1 | സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു |
| | | | | ലാബ് അസിസ്റ്റന്റ് | 1 | |
| | | | | ലാബ് അറ്റൻഡന്റ് | 1 | |
| | | | | നഴ്സിംഗ് അസിസ്റ്റന്റ് | 1 | |
| | | | കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ് | അസിസ്റ്റന്റ് മാനേജർ ഹോളിഡേ ഹോം (കുമളി) | 1 | |
| | | | ഇൻഷുറൻസ് മെഡിക്കൽ | ഹെഡ് കുക്ക് | 5 | ചട്ടം ഭേദഗതി |

| ക്രമ നമ്പർ | വകുപ്പ് | Special Rules-ൽ ഭേദഗതി വരുത്തിയിട്ടുള്ള സ്ഥാപനങ്ങൾ | Special Rules രൂപീകരിക്കാത്ത/ഭേദഗതി വരുത്താത്ത വകുപ്പുകൾ/ സ്ഥാപനങ്ങൾ | Special Rules ഭേദഗതി ചെയ്യാത്തത് കാരണം PSC-യ്ക്ക് റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകളുടെ എണ്ണം | | റിമാർക്സ് |
|---|---|---|---|---|---|---|
| | | | | തസ്തിക | എണ്ണം | |
| | | | സർവീസസ് വകുപ്പ് | മാസ്റ്റിയർ | 2 | ചെയ്യുന്നതിനുള്ള നടപടി പുരോഗമിക്കുന്നു |
| | | | വ്യാവസായിക പരിശീലന വകുപ്പ് | എംപ്ലോയബിലിറ്റി സ്കിൽ ഇൻസ്ട്രക്ടർ | 13 | സ്പെഷ്യൽ റൂൾസ് ഭേദഗതി വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു |
| 13 | **ആസൂത്രണവും സാമ്പത്തികകാര്യവും വകുപ്പ്** | | കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് | ജിയോളജിക്കൽ അസിസ്റ്റന്റ് | 2 | സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യുന്നതിനുള്ള നടപടി തുടരുന്നു |
| | | | | അഗ്രികൾച്ചറൽ അസിസ്റ്റന്റ് ഗ്രേഡ് -II | 2 | |
| | | | | ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് -II | 2 | |
| | | | | ഫോറസ്റ്റ് ഓഫീസർ | 1 | |
| | | | സംസ്ഥാന ആസൂത്രണ ബോർഡ് | അഗ്രോണമിസ്റ്റ് | 1 | ഭേദഗതി നടപടികൾ പുരോഗമിക്കുന്നു |
| | | | | അസിസ്റ്റന്റ് പ്രോഗ്രാമർ | 1 | |
| | | | സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് | | | ഭേദഗതി നടപടികൾ പുരോഗമിക്കുന്നു |

| ക്രമ നമ്പർ | വകുപ്പ് | Special Rules-ൽ ഭേദഗതി വരുത്തിയിട്ടുള്ള സ്ഥാപനങ്ങൾ | Special Rules രൂപീകരിക്കാത്ത/ഭേദഗതി വരുത്താത്ത വകുപ്പുകൾ/ സ്ഥാപനങ്ങൾ | Special Rules ഭേദഗതി ചെയ്യാത്തത് കാരണം PSC-യ്ക്ക് റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകളുടെ എണ്ണം | | റിമാർക്സ് |
|---|---|---|---|---|---|---|
| | | | | തസ്തിക | എണ്ണം | |
| | | | I. കേരള ഡെവലപ്മെന്റ് ആന്റ് ഇന്നവേഷൻ സ്റ്റാറ്റജിക് കൗൺസിൽ (K-DISC)<br>II. സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് (CDS)<br>III. സംസ്ഥാന റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ (KSREC)<br>IV. വെസ്റ്റേൺ ഗാട്ട് സെൽ (WGC)<br>V. വിഷൻ വർക്കല ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് (VIVD) കോർപ്പറേഷൻ | | | |
| 14 | നോർക്ക | | നോർക്ക റൂട്ട്സ്<br>കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് | തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നില്ല | | സ്പെഷ്യൽ റൂൾസ് ഭേദഗതി സർക്കാർ പരിഗണനയിലാണ് |
| 15 | ന്യൂനപക്ഷ ക്ഷേമ വകുപ്പ് | | | തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നില്ല. | | വിശേഷാൽ ചട്ടം രൂപീകരിക്കുന്ന നടപടി സ്വീകരിച്ചുവരുന്നു |
| 16 | ശാസ്ത്ര സാങ്കേതിക വകുപ്പ് | | | | | നിയമനങ്ങൾ പി.എസ്.സി. ക്ക് വിട്ടിട്ടില്ല |

| ക്രമ നമ്പർ | വകുപ്പ് | Special Rules-ൽ ഭേദഗതി വരുത്തിയിട്ടുള്ള സ്ഥാപനങ്ങൾ | Special Rules രൂപീകരിക്കാത്ത/ഭേദഗതി വരുത്താത്ത വകുപ്പുകൾ/ സ്ഥാപനങ്ങൾ | Special Rules ഭേദഗതി ചെയ്യാത്തത് കാരണം PSC-ക്ക് റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകളുടെ എണ്ണം | | റിമാർക്സ് |
|---|---|---|---|---|---|---|
| | | | | തസ്തിക | എണ്ണം | |
| 17 | സാമൂഹ്യനീതി വകുപ്പ് | | കേരള സംസ്ഥാന വനിതാ കമ്മീഷൻ, കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, ഓർഫനേജ് കൺട്രോൾ ബോർഡ് | തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നില്ല | | വിശേഷാൽ ചട്ടം നിലവിൽ വന്നിട്ടില്ല |
| 18 | പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പ് | | ട്രൈബൽ റീ സെറ്റിൽമെന്റ് ഡെവലപ്മെന്റ് മിഷൻ, തിരുവനന്തപുരം | ഒഴിവുകളില്ല | | പി.എസ്.സി. മുഖേന നികത്തേണ്ട ഒഴിവുകളില്ല |
| | | | ക്രെസ്റ്റ്, കോഴിക്കോട് | | | |
| | | | ആറളം ഫാമിങ് കോർപ്പറേഷൻ (കേരള) ലിമിറ്റഡ്, കണ്ണൂർ | | | |
| | | | കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ ഗോത്ര കമ്മീഷൻ | | | |
| | | | ഗവൺമെന്റ് മെഡിക്കൽ കോളേജ്, പാലക്കാട് | | | വിശേഷാൽ ചട്ടം രൂപീകരിക്കുന്ന നടപടി സ്വീകരിച്ചുവരുന്നു |
| 19 | ഊർജ്ജ വകുപ്പ് | | അനർട്ട് | ഫീൽഡ് അസിസ്റ്റന്റ് | 7 | |
| | | | | ഓഫീസ് അസിസ്റ്റന്റ് | 12 | |
| | | | | ഡ്രൈവർ | 2 | |
| | | | | ഡ്രൈവർ-കം-ക്ലീനർ | 2 | |
| | | | | ജില്ലാ എൻജിനീയർ | 14 | |

| ക്രമ നമ്പർ | വകുപ്പ് | Special Rules-ൽ ഭേദഗതി വരുത്തിയിട്ടുള്ള സ്ഥാപനങ്ങൾ | Special Rules രൂപീകരിക്കാത്ത/ഭേദഗതി വരുത്താത്ത വകുപ്പുകൾ/ സ്ഥാപനങ്ങൾ | Special Rules ഭേദഗതി ചെയ്യാത്തത് കാരണം PSC-യ്ക്ക് റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകളുടെ എണ്ണം | | റിമാർക്സ് |
|---|---|---|---|---|---|---|
| | | | | തസ്തിക | എണ്ണം | |
| | | | | ടെക്നിക്കൽ ഓഫീസർ (പോർട്ടൽ) | 1 | |
| | | | | ടെക്നിക്കൽ ഓഫീസർ (ഡോക്യുമെന്റേഷൻ) | 1 | |
| | | | കെ.എസ്.ഇ.ബി. ലിമിറ്റഡ് | ഇല്ല | | സ്പെഷ്യൽ റൂൾ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു |
| | | | കെ.എസ്.പി.ഐ.എഫ്.സി. ലിമിറ്റഡ് | | | |
| | | | ഇ.എം.സി. | | | |
| 20 | പൊതുമരാമത്ത് വകുപ്പ് | | RBDCK Ltd. | മാനേജർ/അസിസ്റ്റന്റ് എൻജിനീയർ, സിവിൽ | 4 | വിശേഷാൽ ചട്ടം തയ്യാറാക്കി വരുന്നു |
| | | | | സി.എ. | 3 | |
| | | | | അക്കൗണ്ട്സ് അസിസ്റ്റന്റ് | 2 | |
| 21 | സൈനിക ക്ഷേമ വകുപ്പ് | | കേരള സ്റ്റേറ്റ് എക്സ് സർവ്വീസ്മെൻ ഡെവലപ്മെന്റ് & റീഹാബിലിറ്റേഷൻ കോർപ്പറേഷൻ | ഒഴിവുകളില്ല | | സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്ന നടപടി അന്തിമ ഘട്ടത്തിലാണ് |
| 22 | വിജിലൻസ് വകുപ്പ് | | ലോക് അയുക്ത | ഇല്ല | | ലോക് അയുക്തയിലെ സ്പെഷ്യൽ റൂൾ ഭേദഗതി സർക്കാർ പരിഗണനയിലാണ് |

| ക്രമ നമ്പർ | വകുപ്പ് | Special Rules-ൽ ഭേദഗതി വരുത്തിയിട്ടുള്ള സ്ഥാപനങ്ങൾ | Special Rules ക്രോഡീകരിക്കാത്ത/ഭേദഗതി വരുത്താത്ത വകുപ്പുകൾ/ സ്ഥാപനങ്ങൾ | Special Rules ഭേദഗതി ചെയ്യാത്തത് കാരണം PSC-യ്ക്ക് റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകളുടെ എണ്ണം | | റിമാർക്ക് |
|---|---|---|---|---|---|---|
| | | | | തസ്തിക | എണ്ണം | |
| 23 | ആയുഷ് വകുപ്പ് | | ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസം | അസിസ്റ്റന്റ് പ്രൊഫസർ | 27 | ഭാരതീയ ചികിൽസാ സമ്പ്രദായം, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസം, ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസം എന്നീ വകുപ്പുകളിൽ വിശേഷാൽ ചട്ട ക്രോഡീകരണവുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചു വരുന്നു. |
| | | | ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് | ആയുർവേദ മെഡിക്കൽ ഓഫീസർ | 23 | |
| 24 | ആഭ്യന്തര വകുപ്പ് | | കേരള പോലീസ് | അസിസ്റ്റന്റ് ഡയറക്ടർ ഡി.എൻ.എ (എഫ്.എസ്.എൽ) | 1 | വിശേഷാൽ ചട്ടത്തിലുൾപ്പെടുത്തുന്ന നടപടി പുരോഗമിക്കുന്നു. |
| | | | | ക്യാമ്പ് ഫോളോവർ | 373 | |
| | | | | പോലീസ് കോൺസ്റ്റബിൾ (മൗണ്ടഡ് പോലീസ്) | 22 | |
| | | | | പോലീസ് കോൺസ്റ്റബിൾ (ബാൻഡ് ആൻഡ് ഓർക്കസ്ട്ര) | 203 | |

| ക്രമ നമ്പർ | വകുപ്പ് | Special Rules-ൽ ഭേദഗതി വരുത്തിയിട്ടുള്ള സ്ഥാപനങ്ങൾ | Special Rules രൂപീകരിക്കാത്ത/ഭേദഗതി വരുത്താത്ത വകുപ്പുകൾ/ സ്ഥാപനങ്ങൾ | Special Rules ഭേദഗതി ചെയ്യാത്തത് കാരണം PSC-യ്ക്ക് റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകളുടെ എണ്ണം | | റിമാർക്സ് |
|---|---|---|---|---|---|---|
| | | | | തസ്തിക | എണ്ണം | |
| | | | | പോലീസ് കോൺസ്റ്റബിൾ (ലേത്ത് ഓപ്പറേറ്റർ) | 1 | |
| | | | | പോലീസ് കോൺസ്റ്റബിൾ (അപ്ഹോൾസ്റ്റർ) | 1 | |
| | | | | പോലീസ് കോൺസ്റ്റബിൾ (കാർപെന്റർ) | 17 | |
| | | | | പോലീസ് കോൺസ്റ്റബിൾ (മേസൺ) | 1 | |
| | | | | പോലീസ് കോൺസ്റ്റബിൾ (റാട്ടൺ വീവർ) | 1 | |
| | | | | പോലീസ് കോൺസ്റ്റബിൾ (സിനിമ ഓപ്പറേറ്റർ) | 1 | |
| | | | | പോലീസ് കോൺസ്റ്റബിൾ (ബ്ലാക് സ്മിത്ത്) | 6 | |
| | | | | പോലീസ് കോൺസ്റ്റബിൾ (ടെയ്ലർ) | 18 | |
| | | | | ബോട്ട് സ്രാങ്ക് | 24 | |
| | | | | ബോട്ട് ഡ്രൈവർ | 24 | |

# അനുബന്ധം II

## വിശേഷാൽ ചട്ടം രൂപീകരിച്ചിട്ടില്ലാത്ത വകുപ്പുകൾ/സ്ഥാപനങ്ങൾ

| ക്രമ നമ്പർ | ബന്ധപ്പെട്ട ഭരണ വകുപ്പ്/സ്ഥാപനം | നിലവിലെ സ്ഥിതി | റിമാർക്ക് |
|---|---|---|---|
| 1 | **ഭക്ഷ്യ പൊതുവിതരണ വകുപ്പ്** | | |
| | സപ്ലൈകോ | വിശേഷാൽ ചട്ടം രൂപീകരിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു | |
| 2 | **കായികവും യുവജനകാര്യവും വകുപ്പ്** | | |
| | a) സ്പോർട്സ് കൗൺസിൽ | വിശേഷാൽ ചട്ടം നിലവിലില്ല | |
| | b) യുവജന കമ്മീഷൻ | | |
| | c) യുവജന ക്ഷേമ ബോർഡ് | തസ്തികകൾ സൃഷ്ടിച്ചിട്ടില്ല | തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തി പഠനം തുടരുന്നു |
| 3 | **പൊതുമരാമത്ത് വകുപ്പ്** | | |
| | a) കേരള റോഡ് ഫണ്ട് ബോർഡ് | വിശേഷാൽ ചട്ടം രൂപീകരിച്ചിട്ടില്ല | സ്ഥിരം തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. ഡെപ്യൂട്ടേഷൻ, കരാർ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ് നിയമനം നടക്കുന്നത്. |
| | b) പ്രതീക്ഷ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ് | | |
| | c) ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ് | | |
| | d) റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് | | |
| | e) RBDCK Ltd. | | |
| | f) കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് | | |
| 4 | **വിജിലൻസ് വകുപ്പ്** | | |
| | ലോകായുക്ത | കരട് വിശേഷാൽ ചട്ട രൂപീകരണ നടപടി രജിസ്ട്രാർ സ്വീകരിച്ചുവരുന്നു | |
| 5 | **സാമൂഹ്യനീതി വകുപ്പ്** | | |
| | a) കേരള സംസ്ഥാന വനിതാ കമ്മീഷൻ | കരട് വിശേഷാൽ ചട്ട രൂപീകരണ നടപടി സ്വീകരിച്ചുവരുന്നു | |
| | b) കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ | | |
| | c) കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ | | |
| | d) ഓർഫനേജ് കൺട്രോൾ ബോർഡ് | | |
| 6 | **ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്** | | |
| | a) കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് | | ഭേദഗതി നടപടികൾ |

## വിശേഷാൽ ചട്ടം രൂപീകരിച്ചിട്ടില്ലാത്ത വകുപ്പുകൾ/സ്ഥാപനങ്ങൾ

| ക്രമ നമ്പർ | ബന്ധപ്പെട്ട ഭരണ വകുപ്പ്/സ്ഥാപനം | നിലവിലെ സ്ഥിതി | റിമാർക്സ് |
|---|---|---|---|
| | b) സംസ്ഥാന ആസൂത്രണ ബോർഡ് | വിശേഷാൽ ചട്ടം നിലവിലില്ലുണ്ട് | നിയമ വകുപ്പിന്റെ പരിഗണനയിലാണ്. |
| | c) സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് | | |
| 7 | **ആരോഗ്യ കുടുംബക്ഷേമ വകുപ്പ്** | | |
| | a) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് | വിശേഷാൽ ചട്ട രൂപീകരണം സംബന്ധിച്ച നിർദ്ദേശം നിയമ വകുപ്പിന്റെ പരിഗണനയിലാണ് | തസ്തികകൾ ഒഴിഞ്ഞുകിടപ്പില്ല |
| | b) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ | കരട് വിശേഷാൽ ചട്ടം വകുപ്പിന്റെ പരിഗണനയിലാണ് | |
| 8 | **ആയുഷ് വകുപ്പ്** | | |
| | a) ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് | വിശേഷാൽ ചട്ട രൂപീകരണ നടപടി പുരോഗമിച്ചുവരുന്നു | |
| | b) ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസം | | |
| 9 | **ഭവന വകുപ്പ്** | | |
| | ഹൗസിംഗ് കമ്മീഷണറേറ്റ് | വിശേഷാൽ ചട്ട രൂപീകരണ നടപടി പുരോഗമിച്ചുവരുന്നു | |
| 10 | **മത്സ്യ ബന്ധനവും ഇറമുഖവും വകുപ്പ്** | | |
| | a) ഫിഷറീസ് വകുപ്പ് | വിശേഷാൽ ചട്ടം നിലവിലില്ലുണ്ട് പരിഷ്കരിക്കുന്ന നടപടി ഇടരുന്നു | |
| | b) അഡാക് | വിശേഷാൽ ചട്ട ഭേദഗതി നടപടി പുരോഗമിക്കുന്നു | |
| | c) മത്സ്യ ബോർഡ് | | |
| | d) മത്സ്യ ഫെഡ് | | |
| 11 | **സാംസ്കാരിക വകുപ്പ്** | | |
| | a) കേരള സംസ്ഥാന സർവ്വ വിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട് | വിശേഷാൽ ചട്ടം നിലവിലുണ്ട്, ഭേദഗതി സർക്കാർ പരിഗണനയിലാണ്. | |
| | b) മ്യൂസിയം മൃഗശാലാ വകുപ്പ് | | |
| | c) പുരാരേഖാ വകുപ്പ് | | |
| | d) പുരാവസ്തു വകുപ്പ് | | |
| | e) ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് | വിശേഷാൽ ചട്ടം തയ്യാറാക്കുന്ന നടപടി പുരോഗമിക്കുന്നു | |
| | f) കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്. | | |
| 12 | **നിയമ വകുപ്പ്** | | |
| | അഡ്വക്കേറ്റ് ജനറൽ ഓഫീസ് | വിശേഷാൽ ചട്ട രൂപീകരണ നടപടി പുരോഗമിക്കുന്നു | ഈ കാരണത്താൽ തസ്തികകൾ ഒഴിഞ്ഞു കിടപ്പില്ല |
| 13 | **പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്** | | |
| | a) ട്രൈബൽ റീ സെറ്റിൽമെന്റ് ഡെവലപ്മെന്റ് മിഷൻ | | കമ്മീഷന്റെ ഒഴിവുകൾ പി.എസ്.സി. വഴി |

**വിശേഷാൽ ചട്ടം രൂപീകരിച്ചിട്ടില്ലാത്ത വകുപ്പുകൾ/സ്ഥാപനങ്ങൾ**

| ക്രമ നമ്പർ | ബന്ധപ്പെട്ട ഭരണ വകുപ്പ്/സ്ഥാപനം | നിലവിലെ സ്ഥിതി | റിമാർക്സ് |
| --- | --- | --- | --- |
| | b) ക്രെസ്റ്റ് | | |
| | c) ആറളം ഫാമിംഗ് കോർപ്പറേഷൻ | വിശേഷാൽ ചട്ടം രൂപീകരിച്ചിട്ടില്ല | നികത്തേണ്ടതില്ല |
| | d) പട്ടികജാതി പട്ടികവർഗ്ഗ ഗോത്ര കമ്മീഷൻ | | കമ്മീഷന്റെ ഒഴിവുകൾ പി.എസ്.സി. വഴി നികത്തേണ്ടതില്ല |
| | e) പാലക്കാട് ഗവൺമെന്റ് മെഡിക്കൽ കോളേജ് | വിശേഷാൽ ചട്ട രൂപീകരണ നടപടി സ്വീകരിച്ചുവരുന്നു | |
| 14 | തൊഴിലും നൈപുണ്യവും വകുപ്പ് | | |
| | a) ഫാക്ടറിസ് & ബോയിലേഴ്സ് വകുപ്പ് | വിശേഷാൽ ചട്ടം ഭേദഗതി ചെയ്യുന്നതിനുള്ള നടപടി പുരോഗമിക്കുന്നു | ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ ഹെഡ് കുക്ക്, മാസ്റ്റിയർ എന്നീ തസ്തികകളുമായി ബന്ധപ്പെട്ട വിശേഷാൽ ചട്ടങ്ങളാണ് ഭേദഗതി ചെയ്തുവരുന്നത്. മറ്റ് തസ്തികകളിൽ വിശേഷാൽ ചട്ടം നിലവിലുണ്ട്. |
| | b) കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ് | | |
| | c) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് | | |
| | d) വ്യാവസായിക പരിശീലന വകുപ്പ് | | |
| 15 | ശാസ്ത്ര സാങ്കേതികവിദ്യ വകുപ്പ് | | |
| | സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ | വിശേഷാൽ ചട്ടം രൂപീകരിച്ചിട്ടില്ല | നിയമനങ്ങൾ പി.എസ്.സി.ക്ക് വിടുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. തദനുസൃതമായി ചട്ട രൂപീകരണ നടപടി പരിഗണനയിലാണ്, |
| 16 | കൃഷി വകുപ്പ് | | |
| | a) കൃഷി വകുപ്പ് | സ്റ്റേറ്റ് സർവ്വീസുമായി ബന്ധപ്പെട്ട വിശേഷാൽ ചട്ടം രൂപീകരിക്കുന്നതിനുള്ള നടപടി തുടർന്നുവരുന്നു. | |
| | b) മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് | വിശേഷാൽ ചട്ട രൂപീകരണ നടപടി തുടരുന്നു | |

## വിശേഷാൽ ചട്ടം രൂപീകരിച്ചിട്ടില്ലാത്ത വകുപ്പുകൾ/സ്ഥാപനങ്ങൾ

| ക്രമ നമ്പർ | ബന്ധപ്പെട്ട ഭരണ വകുപ്പ്/സ്ഥാപനം | നിലവിലെ സ്ഥിതി | റിമാർക്സ് |
|---|---|---|---|
| | c) അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി | വിശേഷാൽ ചട്ടം നിലവിലില്ല | സ്റ്റാറ്റ്യൂട്ട് രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| | d) കേരഫെഡ് | വിശേഷാൽ ചട്ട രൂപീകരണ നടപടി അന്തിമ ഘട്ടത്തിലാണ് | |
| | e) ഓയിൽ പാം ഇൻഡ്യാ ലിമിറ്റഡ് | വിശേഷാൽ ചട്ടം രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു | |
| | f) ഹോർട്ടികോർപ്പ് | വിശേഷാൽ ചട്ട രൂപീകരണ നടപടി അന്തിമ ഘട്ടത്തിലാണ് | |
| | g) സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ | | |
| | h) വാഴക്കുളം അഗ്രോ & ഫ്രൂട്ട്സ് പ്രോസസിംഗ് കമ്പനി | വിശേഷാൽ ചട്ടം രൂപീകരിച്ചിട്ടില്ല | |
| | i) സ്റ്റേറ്റ് കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ | | |
| 17 | **ക്ഷീര വികസന വകുപ്പ്** | | |
| | a) മിൽമ | | |
| | b) കേരള ഫീഡ്സ് ലിമിറ്റഡ് | | |
| | c) കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ | വിശേഷാൽ ചട്ടം രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു | |
| 18 | **പിന്നാക്ക വിഭാഗ വികസന വകുപ്പ്** | | |
| | കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശിപാർശിത വികസന കോർപ്പറേഷൻ | വിശേഷാൽ ചട്ടം രൂപീകരിച്ചിട്ടില്ല | |
| 19 | **സഹകരണ വകുപ്പ്** | | |
| | a) വനിതാഫെഡ് | | |
| | b) ടൂർഫെഡ് | വിശേഷാൽ ചട്ടം രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട് | |
| | c) ഹോസ്പിറ്റൽ ഫെഡ് | | |
| 20 | **പരിസ്ഥിതി വകുപ്പ്** | | |
| | a) കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് | വിശേഷാൽ ചട്ടം രൂപീകരിച്ചിട്ടില്ല | |
| | b) പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ് | വിശേഷാൽ ചട്ടം രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു | |
| 21 | **പൊതു വിദ്യാഭ്യാസ വകുപ്പ്** | | |
| | ഡിസ്ട്രിക്ട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ ആന്റ് ട്രെയിനിംഗം | വിശേഷാൽ ചട്ടം നിലവിലുണ്ട്. ഭേദഗതി നടപടി പുരോഗമിക്കുന്നു. | |

## വിശേഷാൽ ചട്ടം രൂപീകരിച്ചിട്ടില്ലാത്ത വകുപ്പുകൾ/സ്ഥാപനങ്ങൾ

| ക്രമ നമ്പർ | ബന്ധപ്പെട്ട ഭരണ വകുപ്പ്/സ്ഥാപനം | നിലവിലെ സ്ഥിതി | റിമാർക്ക് |
|---|---|---|---|
| 22 | വ്യവസായ വകുപ്പ് | | |
| | സീതാറാം ടെക്സ്റ്റൈൽസ് | വിശേഷാൽ ചട്ടം രൂപീകരിക്കുന്നതിനുള്ള നടപടി തുടരുന്നു | |
| | ടെക്സ്ഫെഡ് | വിശേഷാൽ ചട്ടം രൂപീകരിക്കുന്നതിനുള്ള നടപടി തുടരുന്നു | |
| | കേരളാ ആട്ടോമൊബൈൽസ് ലിമിറ്റഡ് | | |
| | വ്യവസായ വാണിജ്യ വകുപ്പ് | വിശേഷാൽ ചട്ടം രൂപീകരിക്കുന്നതിനുള്ള നടപടി തുടരുന്നു | |
| 23 | നോർക്ക | | |
| | a) നോർക്ക റൂട്ട്സ്<br>b) കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് | വിശേഷാൽ ചട്ടം രൂപീകരിക്കുന്നതിനുള്ള നടപടി തുടരുന്നു | |
| 24 | ന്യൂനപക്ഷ ക്ഷേമ വകുപ്പ് | വിശേഷാൽ ചട്ടം രൂപീകരിക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു | |
| 25 | വിവര പൊതുജന സമ്പർക്ക വകുപ്പ് | വിശേഷാൽ ചട്ടം രൂപീകരിക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു | |
| 26 | ഊർജ്ജ വകുപ്പ് | | |
| | a) അനർട്ട്<br>b) കെ.എസ്.ഇ.ബി ലിമിറ്റഡ്<br>c) കെ.എസ്.പി.ഐ.എഫ്.സി ലിമിറ്റഡ്<br>d) ഇ.എം.സി | വിശേഷാൽ ചട്ട രൂപീകരണ നടപടി സ്വീകരിച്ചുവരുന്നു | നിയമനങ്ങൾ പി.എസ്.സി മുഖേനയാക്കുന്നതിന് PSC (Additional Functions Act)-ൽ മാറ്റം വരുത്തിയിട്ടുണ്ട്. |
| 27 | സൈനിക ക്ഷേമ വകുപ്പ് | | |
| | കേരള സ്റ്റേറ്റ് എക്സ് സർവ്വീസ്മെൻ ഡെവലപ്മെന്റ് & റീഹാബിലിറ്റേഷൻ കോർപ്പറേഷൻ | വിശേഷാൽ ചട്ട രൂപീകരണ നടപടി അന്തിമ ഘട്ടത്തിലാണ് | |
| 28 | ആഭ്യന്തര വകുപ്പ് | | |
| | കേരള പോലീസ് | വിശേഷാൽ ചട്ടം നിലവിലുണ്ട്. വിവിധ തസ്തികകളിലെ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു. | |
| 29 | ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് | | |
| | a) IMG | സർവ്വീസ് സംഘടനാ മീറ്റിംഗിൽ ഉയർന്നുവന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ കരട് ചട്ടത്തിൽ മാറ്റം വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. | |
| | b) KAT | കരട് വിശേഷാൽ ചട്ടം സംബന്ധിച്ച് പി.എസ്.സി.യുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. | |

യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി (2019-21) - കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയുള്ള നിയമനങ്ങൾക്ക് അംഗീകാരം നൽകിയിട്ടില്ലാത്ത കേരള കാർഷിക സർവ്വകലാശാലയിലെ കോഴ്സുകളുടെ വിവരങ്ങൾ - റിപ്പോർട്ട് സമർപ്പിക്കുന്നത്.

| ക്രമ നം | കോഴ്സിന്റെ പേര് | തുടങ്ങിയ വർഷം | കാലാവധി | പ്രതിവർഷ പ്രവേശനം | പ്രവേശന യോഗ്യത | പ്രവേശന രീതി |
|---|---|---|---|---|---|---|
| 1 | ബി.എസ്.സി - എം.എസ്.സി (ഇന്റഗ്രേറ്റഡ് ബയോടെക്നോളജി കോഴ്സ്) | 2009 | 10 സെമസ്റ്റർ (5 വർഷം) | 20 | +2/ഹയർ സെക്കന്ററി / തുല്യം ഫിസിക്സ്/കെമിസ്ട്രി/ബയോളജി 50% മാർക്ക് | കെ.എ.യു പ്രവേശന പരീക്ഷവഴി |
| 2 | ബി.എസ്.സി - എം.എസ്.സി (ഇന്റഗ്രേറ്റഡ് ക്ലൈമറ്റ് ചെയിഞ്ച് അഡാപ്റ്റേഷൻ) | 2010 | 10 സെമസ്റ്റർ (5 വർഷം) | 20 | +2/ഹയർ സെക്കന്ററി / തുല്യം ഫിസിക്സ്/കെമിസ്ട്രി, മാത്സ് / ബയോളജി 50% മാർക്ക് | കെ.എ.യു പ്രവേശന പരീക്ഷവഴി |

S. SABIR HUSSAIN
Additional Secretary
PEN: 101240
Agriculture Department
Govt. Secretariat
Thiruvananthapuram.

1314/2019.

## മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള സർവ്വകലാശാലയിൽ നാളിതുവരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയുള്ള നിയമനങ്ങൾക്ക് അംഗീകാരം നൽകിയിട്ടില്ലാത്ത കോഴ്സുകളുടെ വിവരം സംബന്ധിച്ച റിപ്പോർട്ട്

മൃഗസംരക്ഷണ വകുപ്പിന് കീഴിൽ വരുന്ന കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് സർവ്വകലാശാല നടത്തുന്നതും എന്നാൽ നാളിതുവരെ കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേനയുള്ള നിയമനങ്ങൾക്ക് അംഗീകാരം നൽകിയിട്ടില്ലാത്തതുമായ ബിരുദം , ബിരുദാനന്തര ബിരുദം / ഡിപ്ലോമ കോഴ്സുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

## കോഴ്സ് വിശദാംശങ്ങൾ

1) ഡിപ്ലോമ ഇൻ ഡയറി സയൻസ് (കാലാവധി - 2 വർഷം)
2) ഡിപ്ലോമ ഇൻ ലബോറട്ടറി ടെക്നിക്സ് (കാലാവധി - 1 വർഷം)
3) ഡിപ്ലോമ ഇൻ പൗൾട്രി പ്രൊഡക്ഷൻ (കാലാവധി - 1 വർഷം)
4) ബി.എസ്.സി പൗൾട്രി പ്രൊഡക്ഷൻ & ബിസിനസ് മാനേജ്മെന്റ് (കാലാവധി - 3 വർഷം)
5) എം. എസ്. സി അനിമൽ ബയോടെക്നോളജി (കാലാവധി - 2 വർഷം)
6) എം. എസ്. സി ക്വാളിറ്റി കൺട്രോൾ ഇൻ ഡയറി ഇൻഡസ്ട്രി (കാലാവധി - 2 വർഷം)
7) എം. എസ്. സി അപ്ലൈഡ് മൈക്രോ ബയോളജി (കാലാവധി - 2 വർഷം)
8) എം. എസ്. സി ബയോസ്റ്റാറ്റിസ്റ്റിക്സ് (കാലാവധി - 2 വർഷം)
9) എം. എസ്. സി ബയോ കെമിസ്ട്രി & മോളിക്യൂലാർ ബയോളജി (കാലാവധി - 2 വർഷം)
10) എം.എസ്.സി അനിമൽ സയൻസ് (കാലാവധി - 2 വർഷം)
11) എം.എസ് വൈൽഡ് ലൈഫ് സ്റ്റഡീസ് (കാലാവധി - 2 വർഷം)

Sheela

ഷീല. പി
ജോയിന്റ് സെക്രട്ടറി
കൃഷി (മൃഗസംരക്ഷണ) വകുപ്പ്
സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

**കേരള നിയമസഭയുടെ യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി (2019-21) - വിവിധ വകുപ്പുകളിലെ വിവിധ തസ്തികകളിലേയ്ക്കുള്ള പി.എസ്.സി നിയമനങ്ങളിൽ വിദ്യാഭ്യാസ യോഗ്യതയിൽ വന്ന മാറ്റങ്ങൾ ഉൾക്കൊണ്ട് സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനുള്ള കാലതാമസം സംബന്ധിച്ചും ആയത് കാരണം യുവജനങ്ങൾക്ക് നിയമനം ലഭിക്കാൻ സാധിക്കാത്തതും സംബന്ധിച്ചുള്ള റിപ്പോർട്ട്**

| ക്രമ നം | ശിപാർശ | നടപടി റിപ്പോർട്ട് |
|---|---|---|
| 1 | ആരോഗ്യ കുടുംബക്ഷേമ വകുപ്പിനു കീഴിലുള്ള സർവകലാശാലകളിൽ നാളിതുവരെ കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേനയുള്ള നിയമനങ്ങൾക്ക് അംഗീകാരം നൽകിയിട്ടില്ലാത്ത കോഴ്സുകളുടെ വിവരം സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുന്നത് സംബന്ധിച്ച്. | കേരള ആരോഗ്യ സർവകലാശാല മാത്രമാണ് ആരോഗ്യ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സർവകലാശാല. കേരളത്തിൽ ആരോഗ്യ സംബന്ധമായ കോഴ്സുകൾക്ക് (ഡീംഡ് യൂണിവേഴ്സിറ്റി, കേന്ദ്ര സർവകലാശാലകൾ എന്നിവ ഒഴികെ) ആരോഗ്യ സർവകലാശാലയുടെ അനുമതി ആവശ്യമാണ്. ആരോഗ്യ സർവകലാശാല നിശ്ചയിച്ചിട്ടുള്ള മാനദണ്ഡ പ്രകാരമാണ് മറ്റ് സർവകലാശാലകൾ നടത്തുന്ന ആരോഗ്യ സംബന്ധമായ കോഴ്സുകൾക്ക് അംഗീകാരം നൽകുന്നത്. മറ്റ് സർവകലാശാലകൾ നടത്തുന്നതും എന്നാൽ ആരോഗ്യ സർവകലാശാലയുടെ അംഗീകാരം ലഭിക്കാത്തതുമായ കോഴ്സുകളുടെ പട്ടിക ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു. |

അനുബന്ധം III

## ANNEXURE

**List of Courses conducted by other Universities which are not satisfying in norms of Kerala University of Health Sciences**

| Sl. No. | Name of the Courses | University | Duration of Course |
|---|---|---|---|
| 1 | B.Sc Medical Imaging Technology | Rajiv Gandhi University of Health Sciences, Karnataka | 3 ½ years |
| 2 | B.Sc Medical Imaging Technology | Manipal University | 4 years |
| 3 | M.Sc Medical Imaging Technology | Manipal University | 2 years |
| 4 | B.Sc Medical Imaging Technology | Manipal University | 3 years |
| 5 | B.Sc Radiology Imaging Technology | The Tamil Nadu Dr.M.G.R Medical University | 3 years |
| 6 | B.Sc Radiotherappy | JIPMER | 4 years |
| 7 | B.Sc Operation theater & Anasthesia Technology | JIPMER | 3 years |
| 8 | Physician Assistant | Bharathiar University | 3 years |
| 9 | M.Sc Applied Genetics | Bangalore University | 2 years |
| 10 | M.Sc Biochemistry (Non Medical) | Mangalore University | 3 years |
| 11 | Bachelor of Science in Radiography | Rajiv Gandhi University of Health Sciences, Karnataka | 3 years |
| 12 | B.Sc Optometry | JSS Academy of Higher Education and Research | 3 ½ years |
| 13 | BPT Neurology | NITTE | 4 years |

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.